# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6842 10.07.2014-ൽ മറുപടിക്ക്**

**മണമ്പൂർ - ഒറ്റൂർ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതി**

| ചോദ്യം<br>ശ്രീ.ബി.സത്യൻ | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ | മണമ്പൂർ - ഒറ്റൂർ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദാക്കമോ; | എ | മണമ്പൂർ ഒറ്റൂർ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ പൂർത്തിയാക്കി പദ്ധതി 19.02.2014 ൽ കമ്മീഷൻ ചെയ്തു. പുതുതായി നിർമ്മിച്ച റോഡുകളിലും പൈപ്പ് ലൈൻ നീട്ടണമെന്ന പഞ്ചായത്തു കമ്മിറ്റികളുടെ നിർദ്ദേശ പ്രകാരം ലൈൻ എക്സ്റ്റൻഷൻ വർക്കുകൾ നടത്താൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മണമ്പൂർ, ഒറ്റൂർ പഞ്ചായത്തുകളിൽ രണ്ട് വീതം വർക്കുകൾ ഏറ്റെടുത്ത് നടപ്പിലാക്കി വരികയുമാണ്. ഈ പദ്ധതികൾ പൂർത്തീകരണ ഘട്ട ത്തിലാണ്. |
| ബി | പ്രസ്തുത പദ്ധതിക്കായി എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതുവരെ എന്ത് തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ; | ബി | ഈ പദ്ധതിക്കായി ഇതുവരെ 1195.00 ലക്ഷം രൂപ അനുവദിക്കുകയും 913 ലക്ഷം രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്. |
| സി | പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നറിയിക്കുമോ? | സി | ബാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ 2014 ഒക്ടോബർ മാസത്തോടെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ